**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1990** **06-07-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മുണ്ടക്കടവിലെ പ്രളയാനന്തര പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2019-ലെ പ്രളയത്തിൽ ഭൂമിയും വീടും നഷ്ടമായ നിലമ്പൂർ നിയോജക മണ്ഡലത്തിലെ കരുളായ് മുണ്ടക്കടവ് ആദിവാസി കോളനിയിൽ പുനരധിവാസം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2019 ലെ പ്രളയത്തെത്തുടർന്ന് നിലമ്പൂർ നിയോജകമണ്ഡലത്തിൽ കരുളായി ഉൾക്കാട്ടിൽ മുണ്ടക്കടവ് ആദിവാസി കോളനി വാസയോഗ്യമല്ലെന്ന് കണ്ട് കോളനിയിലെ 79 കുടുംബങ്ങളെ പുലിമുണ്ട-കാഞ്ഞിരക്കടവ് (53 കുടുംബങ്ങൾ), വട്ടിക്കല്ല് (26 കുടുംബങ്ങൾ) എന്നീ ഭാഗങ്ങളിലേക്കായി താത്കാലികമായി മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. വനാവകാശ നിയമപ്രകാരം വനത്തിനുള്ളിൽ പുതിയ സ്ഥലത്ത് ഇവർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാകാനുണ്ട്. |
| (ബി) | പ്രസ്തുത കോളനിയിലെ എത്ര കുടുംബങ്ങൾക്കാണ് 2019-ലെ പ്രളയത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടതെന്ന് അറിയിക്കാമോ; ഇവർക്ക് ആകെ നഷ്ടമായ ഭൂമിയെത്രയെന്നും പകരം ഓരോ കുടുംബത്തിനും നൽകാനുദ്ദേശിക്കുന്ന തുക എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; കുടുംബങ്ങളുടെ പട്ടിക ലഭ്യമാക്കാമോ; | (ബി) | 79 കുടുംബങ്ങളെ 2019 ലെ പ്രളയം ബാധിച്ചിട്ടുണ്ട്. ഇവരിൽ പൂർണ്ണഭവനനാശം സംഭവിച്ച 15 കുടുംബങ്ങളുടെ 60 സെന്റ് ഭൂമി ഉപയോഗശൂന്യമായിട്ടുണ്ട്. കോളനിയിലെ ബാക്കിയുള്ള വീടുകൾ വാസയോഗ്യമാണോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വിദഗ്ധരെകൊണ്ട് പരിശോധിപ്പിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്. പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി വിഹിതവും മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി വിഹിതവും ചേർത്ത് ആകെ 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുടുംബങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു |
| (സി) | കോളനി നിവാസികൾക്ക് ഭൂമിയും വീടും ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഹൈക്കോടതി വ്യവഹാരവും ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച ചെറിയ അവകാശ തർക്കങ്ങൾ മൂലവും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# ANNEXURE

| Sl. No | Name | Address | Village |
|---|---|---|---|
| 1 | Animol | Pulimunda Colony | Karulayi |
| 2 | Deepthi | Mundakkadavu Colony | Karulayi |
| 3 | Madhavan | Pulimunda Colony | Karulayi |
| 4 | Ratheesh | Pulimunda Colony | Karulayi |
| 5 | Saritha | Mundakkadavu Colony | Karulayi |
| 6 | Sijumon | Mundakkadavu Colony | Karulayi |
| 7 | Athira | Mundakkadavu Colony | Karulayi |
| 8 | Murali | Mundakkadavu Colony | Karulayi |
| 9 | Mohan | Mundakkadavu Colony | Karulayi |
| 10 | Nisharathi | Mundakkadavu Colony | Karulayi |
| 11 | Souparnika | Mundakkadavu Colony | Karulayi |
| 12 | Bindu | Mundakkadavu Colony | Karulayi |
| 13 | Ambika | Mundakkadavu Colony | Karulayi |
| 14 | Neenu | Pulimunda Colony | Karulayi |
| 15 | Kumaran | Pulimunda Colony | Karulayi |